05/01/22


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1126(5)/21/SIC

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 2049/SIC-G7/2021

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഉത്തരവ് തീയതി: 15.12.2021

**ശ്രീമതി അശ്വതി മോഹൻ.പി,**
**സുനിൽ ഭവനം,**
**ഞെക്കുംനിലം പി.ഒ,**
**പത്തനംതിട്ട,**
**പിൻ – 689 656.**
} **അപ്പീൽ ഹർജിക്കാരി**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**സൂനിയർ സൂപ്രണ്ട്,**
**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,**
**വഴുതക്കാട്, തിരുവനന്തപുരം.**

**അപ്പീൽ അധികാരി & ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,**
**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,**
**വഴുതക്കാട്, തിരുവനന്തപുരം.**
} **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 09.11.2020 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 30.11.2020 |
| ഒന്നാംഅപ്പീൽ | -- |
| അപ്പീൽ അധികാരിയുടെ തീരുമാനം | 01.01.2021 |
| രണ്ടാംഅപ്പീൽ | 05.02.2021 |
| ഹിയറിംഗ്തീയതി, സ്ഥലം | 23.09.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരി | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒ യോട് ആവശ്യപ്പെട്ടത്, 2020-21 വർഷം S0(I) എന്ന ബഡ്ജറ്റ് ഹെഡിൽ 2020 ജൂൺ മുതൽ നാളിതുവരെ BIMS മുഖേന തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ച BIMS ബില്ലുകളുടെ പകർപ്പുകളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടികൾ തൃപ്തികരമല്ലാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. ടെലഫോൺ മുഖാന്തിരം നടന്ന ഹിയറിംഗിൽ പങ്കെടുത്ത എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. അപ്പീൽഹർജിക്കാരി ആവശ്യപ്പെട്ട പകർപ്പുകൾ നൽകുന്നതിനായി 98/- രൂപ ഫീസ് ഒടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 04.01.2021 തീയതി മറുപടി നൽകി എന്നും തുടർന്ന് ടിയാൻ ചെലാൻ സമർപ്പിച്ചപ്പോൾ ആയതിന്റെ അപേക്ഷയിൽ ഒപ്പ് രേഖപ്പെടുത്താതെയാണ് സമർപ്പിച്ചതെന്നും ആയതുകൊണ്ട് ഒപ്പ് രേഖപ്പെടുത്തി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടും നാളിതുവരെ ഒപ്പ് രേഖപ്പെടുത്തി അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും എന്നാൽ ടിയാരി ആവശ്യപ്പെട്ട പകർപ്പുകൾ കമ്മീഷന്റെ ഹിയറിംഗ് നോട്ടീസ് അയച്ചു നൽകിയതിനെ തുടർന്ന് അപ്പീൽഹർജിക്കാരിക്ക് നൽകിയിട്ടുണ്ടെന്നാണ് എസ്.പി.ഐ.ഒ കമ്മീഷനെ അറിയിച്ചിട്ടുളളത്.

3. ഹിയറിംഗിൽ പങ്കെടുക്കാൻ കഴിയാതിരുന്ന അപ്പീൽവാദി കമ്മീഷൻ മുമ്പാകെ എഴുതി അറിയിച്ചത് 13.09.2021 ൽ ഒന്നാം എതിർകക്ഷി വിവരങ്ങൾ അയച്ചു നൽകിയിട്ടുണ്ടെന്നും വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയത് 09.11.2020 ൽ ആണെന്നും എന്നാൽ സമയബന്ധിതമായി മറുപടി ലഭ്യമായിട്ടില്ലെന്നും ടി ഓഫീസുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന ചില നിയമവിരുദ്ധ രീതികളെയും ബഹു.ഹൈക്കോടതി സമക്ഷം ചോദ്യം ചെയ്യുന്നതിനാണ് ഇത്തരം വിവരം ആവശ്യപ്പെട്ടിരുന്നതെന്നും മന:പൂർവ്വം വിവരം നൽകാതെ തെറ്റായ മറുപടിയാണ് എസ്.പി.ഐ.ഒ നൽകിയതെന്നും ബന്ധപ്പെട്ട സോഫ്റ്റ്വെയറിൽ നിന്നും വളരെ പെട്ടെന്ന് തന്നെ ശേഖരിക്കാവുന്ന ടി വിവരങ്ങൾ നൽകാതിരിക്കുന്നതിനു വേണ്ടിയാണ് വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ലെന്ന മറുപടി നൽകിയതെന്നും വിവരങ്ങൾ നൽകുന്നതിന് നിർദ്ദേശിച്ച ഫീസ് അടച്ച ചെലാൻ ഹാജരാക്കിയപ്പോൾ അതിനോടൊപ്പമുളള കത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലെന്ന കാരണത്താൽ വിവരം നൽകാ

തിരുന്ന എസ്.പി.ഐ.ഒ യുടെ നടപടി തികച്ചും ദുരുദ്ദേശപരമാണെന്നും ഇത്തരത്തിൽ വിവരം മറച്ചുവെച്ച എസ്.പി.ഐ.ഒ യുടെ നടപടി തെറ്റായതും നീതിനിഷേധവും ആണെന്നും അപ്പീൽ ഹർജിക്കാരി കമ്മീഷനെ അറിയിച്ചു.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, 09.11.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ബോധപൂർവ്വം വിവരം നിഷേധിച്ചതായി കമ്മീഷൻ വിലയിരുത്തുന്നു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് മറുപടി നൽകുമ്പോൾ അപേക്ഷകൻ ആവശ്യപ്പെടുന്ന രീതിയിൽ മറുപടി നൽകുവാൻ എസ്.പി.ഐ.ഒ യ്ക്ക് ബാധ്യതയുണ്ട്. 30.11.2020 ൽ എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ കാണുന്നത് ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും ആയത് രേഖകൾ പരിശോധിച്ച് നിയമപ്രകാരമുള്ള ഫീസ് ഒടുക്കി പകർപ്പ് ലഭ്യമാക്കണമെന്നുമാണ്. തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചതിനുശേഷം അപ്പീൽ അധികാരിയുടെ നിർദ്ദേശത്തെ തുടർന്ന് ഫീസ് ഒടുക്കാൻ ആവശ്യപ്പെടുകയും രേഖകൾ നൽകാൻ എസ്.പി.ഐ.ഒ തയ്യാറാകുകയും ഉണ്ടായി. ഇതിൽ നിന്നും മനസ്സിലാകുന്നത് വിവരം ഒന്നാം എതിർകക്ഷിയുടെ പക്കൽ ലഭ്യമായിട്ടുള്ളതായിരുന്നു എന്നാണ്. വിവരം നൽകാതെ ബോധപൂർവ്വം വിവരം മറച്ചുവച്ച് നിയമനിഷേധം നടത്തിയ ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമത്തോടുള്ള അവഹേളനവും ഗുരുതര വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ പ്രഥമദൃഷ്ട്യാ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

5. അപേക്ഷകർ ആവശ്യപ്പെടുന്ന വിവരങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ നൽകിയാൽ മാത്രമേ, അപേക്ഷകരിൽ നിന്നും ഫീസ് ഈടാക്കാൻ വ്യവസ്ഥയുള്ളൂ.

എന്നിരിക്കെ നിശ്ചിത കാലാവധിയ്ക്ക് ശേഷമാണ് വിവരങ്ങൾ നൽകുന്നതെങ്കിൽ അപേക്ഷകന് സൗജ്യമായി വിവരങ്ങൾ നൽകേണ്ടതായിവരും. ഇവിടെ ഒന്നാം എതിർകക്ഷി സമയബന്ധിതമായിട്ടല്ല ടിയാരിയ്ക്ക് വിവരങ്ങൾ നൽകിയിട്ടുള്ളത്. ആയതുകൊണ്ടുതന്നെ സൗജന്യമായി പകർപ്പുകൾ നൽകുവാൻ എസ്.പി.ഐ.ഒ ബാധ്യസ്ഥനാണ്. ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശത്തിനെ തുടർന്ന് ഫീസ് ഈടാക്കി പകർപ്പ് നൽകിയ എസ്.പി.ഐ.ഒ യുടെ നടപടിയും ആയതിന് നിർദ്ദേശം നൽകിയ ഒന്നാം അപ്പീൽ അധികാരിയുടെ നടപടിയും നിയമാനുസൃതമല്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. മേൽ സാഹചര്യത്തിൽ സമയപരിധി കഴിഞ്ഞ് പകർപ്പ് ഇനത്തിൽ ഈടാക്കിയ 98/- രൂപ അപ്പീൽ ഹർജിക്കാരിക്ക് തിരികെ നൽകാൻ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

6. ഇപ്രാകാരം ഇന്നേ ദിവസം 2021 ഡിസംബർ മാസം 15 –ാം തീയതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി